"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം പണി പൂർത്തീകരിച്ച വീട് വിറ്റ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ പന്മന പഞ്ചായത്തിലെ ശ്രീമതി.റംലാബീവി എന്നയാൾക്ക് മുതലും പലിശയും പഞ്ചായത്തിൽ അടയ്ക്കുന്നതിൽ നിന്ന് പലിശ ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്

സ.ഉ.(സാധാ) നം.116/2022/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 16/01/2022

---

പരാമർശം:- ശ്രീമതി. റംലാബീവിയുടെ 03.12.2021-ലെ അപേക്ഷ.

ഉത്തരവ്

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ പന്മന പഞ്ചായത്തിലെ താമസക്കാരിയായ ശ്രീമതി. റംലാബീവി എന്നയാൾക്ക് 2014-15 സാമ്പത്തിക വർഷം ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് 2,00,000/- രൂപ അനുവദിക്കുകയും ടി തുക കൊണ്ട് പണി പൂർത്തീകരിച്ച വീട് സാമ്പത്തിക ബാധ്യതകൾ മൂലം വിൽക്കുകയുമുണ്ടായി. പ്രമാണം രജിസ്റ്റർ ചെയ്യണമെങ്കിൽ പഞ്ചായത്തിൽ നിന്നും ഭവന പദ്ധതിക്ക് കൈപ്പറ്റിയിട്ടുള്ള 2,00,000/- രൂപയും അതിന്റെ നാളിതുവരെയുള്ള പലിശയായ 1,80,000/- രൂപയും സഹിതം 3,80,000/- രൂപ തിരികെ അടയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന ടിയാളുടെ കുടുംബത്തിന് തുക അടയ്ക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം ലഭിച്ച തുക മുതലും പലിശയും ഒഴിവാക്കി നൽകണമെന്ന് പരാമർശ പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി. റംലാബീവിക്ക് ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് ലഭിച്ച 2,00,000/- രൂപ പലിശ കൂടാതെ തിരിച്ചടക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറി, പന്മന ഗ്രാമപഞ്ചായത്ത്, കൊല്ലം.

ശ്രീമതി റംലാ ബീവി, പുളിയ്ക്കൽ പടീറ്റതിൽ, മുല്ലക്കേരി, പൻമന ഗ്രാമപഞ്ചായത്ത്, കൊല്ലം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ